(3) ന്യായവിലഷാപ്പുകളിൽക്കൂടി അരിവിതരണം നടത്തുന്നതിനു് ഇപ്പോഴും നിലവിലിരിക്കുന്ന മെട്രിക് ടൺക്കണക്കും പകരം മെട്രിക്ക് ടൺ രീതിയിലുള്ള ലിറ്റർ സമ്പ്രദായം (കൊള്ളളവുകോൽ) നടപ്പിലാക്കുക.

(4) ടൺക്കണക്കിനു് ഒരു ഷാർട്ടേജ് അലവൻസ് അനുവദിക്കുക.

(5) സെൻട്രൽ സ്റ്റോറേജ് ഡിപ്പോകളിൽനിന്നും, ഹോൾസെയിൽ ഡിപ്പോകളിൽനിന്നും റീട്ടെയിൽ കടക്കാർക്കു് വിതരണം നടത്തുന്ന അരിയുടെ വില ഒരേ രീതിയിലാക്കുക.

(6) സെൻട്രൽ സ്റ്റോറേജ് ഡിപ്പോകളിൽനിന്നും ഹോൾസെയിൽ കടകളിൽനിന്നും ശരിയായ ടൺക്കണക്കു കൊടുക്കുക.

(7) ന്യായവിലഷാപ്പുകളിൽനിന്നും സൗജന്യമായി വിതരണം നടത്തിയിട്ടുള്ള അരിയുടെ വില ഉടനെ അനുവദിക്കുക.

(8) കൊല്ലം, ആലപ്പുഴ, എന്നീ സെൻട്രൽ സ്റ്റോറേജ് ഡിപ്പോകളിൽനിന്നും ഹോൾസെയിൽ കടക്കാർക്കും റീട്ടെയിൽ കടക്കാർക്കും കൊടുക്കുന്ന അരിയുടെ ഡിപ്പോ വില ഒരേ രീതിയിലാക്കുക.

(9) ന്യായവില ഡിപ്പോ ഉടമസ്ഥന്മാരോടു് ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാർ മര്യാദയായി പെരുമാറുക.

(10) പരിശോധനയിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകൾക്കു് നൽകി വരുന്ന നീതിരഹിതമായ ശിക്ഷകൾ ഇളവു് ചെയ്യുക.

(11) സെൻട്രൽ സ്റ്റോറേജ് ഡിപ്പോ കൺട്രാക്ടറന്മാർ വ്യാപാരികളിൽനിന്നും ഈടാക്കുന്ന ഡപ്പിവരി ചാർജ്ജു് നിറുത്തലാക്കുക.

(സി, ഡി) ഇവയെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുന്നു. താമസിയാതെ തീരുമാനം എടുക്കുന്നതാണു്.

പാലം പണി.

* 683. [8] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെസ്റ്റുകോസ്റ്റു റോഡിൽ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പണിയാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതെല്ലാമെന്നും, ഏതുക്കു, കല്ലായി പാലങ്ങൾ എന്നു പണി ആരംഭിക്കുമെന്നും പറയുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ)

വെസ്റ്റുകോസ്റ്റു റോഡിൽ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പണി ആരംഭിച്ചുവയും പണിയാൻ ഉദ്ദേശിക്കുന്നവയും ആയ പാലങ്ങളുടെ ലിസ്റ്റു മേശപ്പുറത്തുവെച്ചിട്ടുണ്ടു്. †

ഏറുക്കു പാലം പുതുക്കി പണിയുന്നതിനുള്ള അനുമതി കേന്ദ്ര ഗവണ്മെൻറു നൽകിയിട്ടില്ല. അതുകൊണ്ടു് പണി എന്നു് ആരംഭിക്കുമെന്നു് പറയാൻ ഇപ്പോഴും നിർവാഹമില്ല. കല്ലായി പാലത്തിൻറെ പണി അടുത്തുതന്നെ ആരംഭിക്കാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ : വളരെയധികം പഴകി പൊളിഞ്ഞിരിക്കുന്ന പാനൂർ പാലത്തിൽനിന്നും ഒരു വിദ്യാർത്ഥിനി ഈയിടെ വീണു മരണമടഞ്ഞിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ആ പാലം ഏറ്റവും വേഗം പുതുക്കി പണിയുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പാനൂർ പാലം വെസ്റ്റുകോസ്റ്റു റോഡിൽ പെട്ടതല്ല. അതുകൊണ്ടു് അതു് ഈ ചോദ്യത്തിൽ ഉൾപ്പെടുന്നില്ല.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. രാഘവൻ നായർ : വെസ്റ്റ്കോസ്റ്റ് റോഡിലുള്ള കല്ലായി പാലം പുതുക്കി പണിയാൻ കഴിയുമെന്ന് പറഞ്ഞു. വെസ്റ്റ്കോസ്റ്റ് റോഡ് കോഴിക്കോട് മുനിസിപ്പാലിറ്റിയിൽകൂടി പാസ് ചെയ്യുപോകുന്നുണ്ടെന്നും പറയുകയുണ്ടായി. അതിനാവശ്യമായ കല്ലായി പാലത്തിന്റെ പണി ഏറ്റവും വേഗം പൂർത്തിയാക്കാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇപ്പോൾ നിലവിലുള്ള കല്ലായി പാലം വെസ്റ്റ്കോസ്റ്റ് റോഡിൽപ്പെട്ടതല്ല. ഇതു് പുതുക്കി പണിയുന്നതിനുള്ള ഏർപ്പാടുകൾ ഗവണ്മെന്റിൽനിന്നും നടത്തിക്കൊണ്ടിരിക്കുകയാണു്. വെസ്റ്റ്കോസ്റ്റ് റോഡിനെ കോഴിക്കോടു് ടൌണുമായി ബന്ധപ്പെടുത്താൻ ഒരു ബൈപാസ് റോഡു് ആലോചനയിലുണ്ടു്. അതിനുള്ള അലൈൻമെന്റു് കേന്ദ്ര ഗവണ്മെന്റു് ഫൈനലൈസ് ചെയ്തിട്ടില്ല. ഈ ബൈപാസ്സ് റോഡിൽ കല്ലായിപ്പുഴയ്ക്കു് ഇന്നുള്ള പാലത്തിൽനിന്നും കിഴക്കോട്ടുമാറി രണ്ടു പാലങ്ങളും പണിയേണ്ടിവരും. ബൈപാസ്സ് റോഡിനുള്ള അനുമതിക്കു് കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വെസ്റ്റ്കോസ്റ്റ് റോഡിലുള്ള വളപട്ടണം പാലത്തിന്റെ ഇൻവെസ്റ്റിഗേഷനെല്ലാം കഴിഞ്ഞുവെന്നു് അറിയുന്നു. ആ പാലത്തിന്റെ പണി ഈ പദ്ധതിയിൽ അല്ലെങ്കിൽ നാലാം പദ്ധതിക്കാലത്തെങ്കിലും ആരംഭിച്ചു പൂർത്തിയാക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : വളപട്ടണം പുഴയിൽ ഇന്നു് നിലവിലുള്ള റെയിൽകം റോഡു് പാലത്തിനു പകരം ഒരു പുതിയ പാലം വെസ്റ്റ്കോസ്റ്റ് റോഡ് സ്കീമിലുൾപ്പെടുത്തുന്നുണ്ടു്. പക്ഷേ, മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു അതിന്റെ പണി തുടങ്ങുന്നതിനു് സാദ്ധ്യമല്ല. നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു് ആ പാലത്തിന്റെ പണി തുടങ്ങുവാനുള്ള അനുവാദം നൽകണമെന്നു് കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെടുന്നതാണു്.

എക്സ്റ്റൻഷൻ യൂണിറ്റുകൾ.

* 684. [9] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കന്നുകാലിവളർത്തുന്നവർക്കു് എക്സ്റ്റൻഷൻ സർവ്വീസുകൾ നൽകുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ള എത്ര എക്സ്റ്റൻഷൻ യൂണിറ്റുകൾ ഈ സംസ്ഥാനത്തു ഇപ്പോൾ ഉണ്ടു് ;

(ബി) അവ എവിടെയെല്ലാമാണു് സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് ;

(സി) ടി യൂണിറ്റുകൾ നൽകുന്ന എക്സ്റ്റൻഷൻ സർവ്വീസുകൾ എന്തെല്ലാം ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഒരു എക്സ്റ്റൻഷൻ യൂണിറ്റു മാത്രമേ ഈ സംസ്ഥാനത്തു് ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ.

(ബി) അതു് തൃശ്ശൂർ മണ്ണുത്തി വെറ്ററിനറി കോളേജിലാണു് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നതു്.

(സി) വെറ്ററിനറി കോളേജിലുള്ള മൊബൈൽ ക്ലിനിക്കു് ഉപയോഗിച്ചു് കന്നുകാലികൾക്കും, കോഴികൾക്കുമുള്ള പ്രതിരോധകുത്തിവെയ്പ്പു്, ചികിത്സ, ശാസ്ത്രീയരീതിയിലുള്ള ആഹാരക്രമ പരിശീലനവും പരിപാലനവും. വർഗ്ഗശുദ്ധീകരണവും, ബീജസങ്കലനം, നാടൻ ഉരുക്കളെ

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to starred question* No. 683 (8)

1. Bengara Manjeswar bridge at miles 11/8 of M. C. C. road
2. Uppala bridge at M. 13/5 of M. C. C. Road
3. Bridge across Kayyar thodu at M. 17/1 of M. C. C. road.
4. Shiriya bridge at M 19/8 M. C. C. road
5. Kumbla bridge at Mile 21/4 of M. C. C. road
6. Mogral bridge at mile 24/1 M .C. C. road
7. Bridge across Kudla river at M. 27/3
8. Bridge at M. 52/8 of Calicut Cannanore road
9. Bridge over Vengara Thodu in Muttichira diversion
10. Bridge across Kuttithodu in Muttichira diversion
11. Bridge across Choonerithodu in Muttichira diversion
12. Bridge across Irumbuchola Stream in Muttichira diversion
13. Two bridges at Mile 0/3 to 20/4 of Edarikode Kakkad road
14. Bridge at mile 49/4 of Calicut Cannanore road
15. Kallayi bridge

LIBRARY ARCHIVES Kerala Legislative Assembly